അടിസ്ഥാനത്തിൽ താക്കീത് നൽകി പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. ടിയാൾ വീണ്ടും ഗുരുതരമായ കൃത്യവിലോപങ്ങൾ കാട്ടിയെങ്കിലും മാനുഷിക പരിഗണനയുടെ പേരിൽ തിരിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ അങ്കണവാടി വെൽഫയർ കമ്മിറ്റിയുടെ ശക്തമായ എതിർപ്പിനെ തുടർന്ന് സാധിച്ചില്ല. ഇത് സംബന്ധിച്ച് ശ്രീമതി കൈരളിയും മറ്റ് അപേക്ഷ നൽകിയിട്ടില്ല.

(സി) അങ്കണവാടി വെൽഫയർ കമ്മിറ്റിയുടെ എതിർപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിന്മേൽ അന്വേഷണം നടത്തി വെൽഫയർ കമ്മിറ്റിയുമായി കൂടിയാലോചന നടത്തിയശേഷമേ ശ്രീമതി കൈരളിയെ പുനഃപ്രവേശിപ്പിക്കാൻ സാധിക്കുകയുള്ളൂ.

സാമൂഹ്യനീതിവകുപ്പിന്റെ പ്രവർത്തനം

313 (1687) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷമുള്ള സാമൂഹ്യനീതിവകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്ഷേമപെൻഷനുകൾ പൂർണ്ണമായും കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ക്ഷേമപെൻഷനുകളാണ് നിലവിൽ കുടിശ്ശികയായി ഉള്ളതെന്ന് ഇനം തിരിച്ചുള്ള വിവരം തുക സഹിതം വിശദമാക്കുമോ ;

(ഡി) സർക്കാരിന്റെ നാലാം വാർഷികം ആഘോഷിച്ച അവസരത്തിൽ കുടിശ്ശികയായികിടക്കുന്ന പ്രസ്തുത ക്ഷേമപെൻഷനുകൾ കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. ഗുണഭോക്താക്കളുടെ എണ്ണത്തിലെ വർദ്ധനവുമൂലം ഉണ്ടായ അധികരിച്ച ചെലവുനിമിത്തമാണ് പെൻഷൻ തുക പൂർണ്ണമായും കൊടുത്തുതീർക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത്.

(സി) വികലാംഗപെൻഷൻ പദ്ധതിയിൽ ഏകദേശം മൂന്നുമാസത്തേയും വിധവ പെൻഷൻ പദ്ധതിയിൽ ഏകദേശം നാലുമാസത്തേയും ദേശീയ വാർദ്ധക്യകാല

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ പദ്ധതിയിൽ ഏകദേശം 6 മാസത്തേയും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതിയിൽ ഏകദേശം മൂന്നുമാസത്തേയും കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്.

(തുക ലക്ഷത്തിൽ)

1.	വികലാംഗപെൻഷൻ	-	6898.96
2.	അഗതി (വിധവ) പെൻഷൻ	-	19776.96
3.	ദേശീയ വാർദ്ധക്യകാലപെൻഷൻ	-	45005.47
4.	50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	-	1179.66

(ഡി) ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് കുടിശ്ശിക പെൻഷൻ കൊടുത്തു തീർക്കുന്നതാണ്.

സാമൂഹ്യക്ഷേമപെൻഷൻ - കുടിശ്ശിക

314 (1688) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമപെൻഷനുകളുടെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വികലാംഗ പെൻഷന് ഏകദേശം മൂന്നുമാസത്തേയും വിധവാ പെൻഷന് ഏകദേശം നാലുമാസത്തേയും, ദേശീയ വാർദ്ധക്യകാല പെൻഷന് ഏകദേശം ആറുമാസത്തേയും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന് ഏകദേശം 3 മാസത്തേയും കുടിശ്ശിക ഉണ്ട്.

(ബി) ഫണ്ട് ലഭിക്കുന്നമുറയ്ക്ക് കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly